# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 482 10.06.2014-ലെ മറുപടിക്ക്

## പൊതു ധനകാര്യ സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പൊതു ധനകാര്യ സ്ഥിതിയെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2014 ഏപ്രിൽ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 3991.66 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 3112.46 കോടി രൂപയേക്കാൾ 28.24% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 4269.21 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 2963.98 കോടി രൂപയേക്കാൾ 44.03% കൂടുതലാണ്. 2013 ഏപ്രിൽ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 147.37 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30.04.2014 ൽ ട്രഷറി ബില്ലുകളിലായി 1299.89 കോടി രൂപ നിക്ഷേപമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിട്ടില്ല. |
| (ബി) | സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ക്ലേശം വരുത്താതെ വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട്, പുതിയ നികുതി-നികുതിയേതര വരുമാനങ്ങൾ കണ്ടെത്തുന്നതിനും നിലവിലെ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ റവന്യൂ ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട് |

| | | |
|---|---|---|
| (സി) | ഈ സർക്കാരിന്റെ കാലത്ത് പൊതുകടം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ; | ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷത്തെയും പദ്ധതിയടങ്കലിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർധനവുണ്ട്. വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കടം എടുക്കേണ്ടിവരുന്നതിനാൽ പൊതുകടത്തിന്റെ തോതും വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ